Talented Bankers Literary Panel
പുസ്തക പരിചയം 182

റംറോ നേപ്പാൾ
ഹാരിസ് നെന്മേനി

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
എടമുട്ടം ശാഖ.

ഉത്തരേന്ത്യയിലൂടെ നടത്തിയ യാത്രയെ "വിൻഡോ സീറ്റ്" എന്ന പേരിൽ കുട്ടികൾക്കായുള്ള ഒരു സഞ്ചാര നോവലായി അവതരിപ്പിച്ച ഹാരിസ് നെന്മേനിയുടെ കുട്ടികൾക്കായുള്ള പുതിയ സഞ്ചാര നോവലാണ് "റംറോ നേപ്പാൾ".

ആദ്യ നോവലിലെ കഥാപാത്രങ്ങളായ ജീവൻ മാഷും ചിന്ത ചേച്ചിയും കുട്ടികളെ ഇത്തവണ കൂട്ടി കൊണ്ടുപോകുന്നത് നമ്മുടെ തൊട്ടയല്പക്കമായ നേപ്പാളിലേക്കാണ്. നമ്മൾ ഇന്ത്യക്കാർക്ക് പാസ്പോർട്ടോ വിസയോ ഒന്നുമില്ലാതെ കടന്നുചെല്ലാവുന്ന സ്നേഹമുള്ള അയൽ ദേശത്തേക്ക്.

റംറോ എന്ന നേപ്പാളി വാക്കിന് മനോഹരമായ എന്നാണ് അർത്ഥം. റംറോ നേപ്പാൾ എന്ന ഇതിനെ ഞാൻ റംറോ പുസ്തകം എന്നു പറയും. അത്രക്കും മനോഹരമാണ് ഈ പുസ്തകത്തിലൂടെയുള്ള യാത്ര....

ഹിമാലയത്തിന്റെ മടിത്തട്ടിൽ സ്ഥിതിചെയ്യുന്ന ഈ രാജ്യത്തിന്റെ പ്രകൃതി സൗന്ദര്യവും ചരിത്രവും വളരെ നല്ല രീതിയിൽ ഈ പുസ്തകത്തിൽ വരച്ചിട്ടിരിക്കുന്നു. ശ്രീബുദ്ധന്റെ ജന്മസ്ഥലമായ ലുംബിനി ഇവിടെയാണ്. ഹിമാലയത്തിന്റെ വിവിധ കാഴ്ചകളും വന്യ സൗന്ദര്യമുള്ള പുഴകളും കാടുകളും ഗുഹകളും തടാകങ്ങളും അവിടുത്തെ ആരാധനയും ആചാരങ്ങളും നമുക്ക് നേരിട്ട് കാണാവുന്ന പോലെ ലളിതമായി വായിച്ചുപോകാവുന്ന പുസ്തകമാണ് റംറോ നേപ്പാൾ.

യാത്രയുടെ ഇടയിൽ പലയിടത്തായി, നേപ്പാളിലെ പഴയ രാജഭരണം, ആഭ്യന്തര സമരങ്ങൾ, രാജകുടുംബത്തിലെ കൂട്ടക്കൊല, ഇവിടെ പലപ്പോഴായി ഉണ്ടായ പ്രകൃതിദുരന്തങ്ങൾ എന്നിവയെ കുറിച്ചെല്ലാം പ്രതിപാദിക്കുന്നുണ്ട്.

പുസ്തകത്തിൽ ഒരു അധ്യായത്തിൽ പർവ്വത മ്യൂസിയത്തെ കുറിച്ച് പറയുന്നുണ്ട്. നേപ്പാളിലെ പർവ്വതാരോഹകരുടെ സംഘടനയുടെ നേതൃത്വത്തിൽ നടത്തുന്ന ഇന്റർനാഷണൽ മൗണ്ടൻ മ്യൂസിയം.

മലകയറ്റത്തെക്കുറിച്ച് നിങ്ങൾ അറിയാൻ ആഗ്രഹിക്കുന്ന എന്തും ഈ മ്യൂസിയത്തിൽ ഉണ്ട്. പർവ്വതാരോഹകർ ഉപയോഗിക്കുന്ന കയർ കെട്ടുകൾ, ഹുക്കുകൾ, നങ്കൂരങ്ങൾ, വേഷങ്ങൾ, ബാഗുകൾ, ടെന്റുകൾ തുടങ്ങി എന്തും നിങ്ങൾക്കിവിടെ കാണുകയും അറിയുകയും ചെയ്യാം. പർവ്വതാരോഹണത്തെക്കുറിച്ച് ഡോക്യുമെന്ററികളും ഇവിടെ പ്രദർശിപ്പിക്കുന്നു.

കത്തി ഊരിയാൽ പിന്നെ ചോര കാണാതെ തിരികെ വെക്കില്ലെന്ന് നാം പറയുന്ന ഗൂർഖകളെ കുറിച്ചും പുസ്തകത്തിൽ പറയുന്നു. ഒരു നൂറ്റാണ്ടോളം ബ്രിട്ടീഷ് പട്ടാളത്തോടൊപ്പം പ്രവർത്തിച്ച പാരമ്പര്യമുള്ള ഗൂർഖ റെജിമെന്റ് ചരിത്രം പറയുന്ന ഗൂർഖ മെമ്മോറിയൽ മ്യൂസിയവും ഇവിടെയുണ്ട്.

അങ്ങനെ എന്തുകൊണ്ടും നേപ്പാളിന്റെ യാഥാർത്ഥ്യ ലോകത്തെ ഹൃദയസ്പർശിയായി അവതരിപ്പിക്കുന്ന മനോഹരമായ സഞ്ചാര നോവലാണ് റംറോ നേപ്പാൾ. ഡിസി ബുക്സിന്റെ മാമ്പഴം പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന്റെ വില 180 രൂപ.